LIBRARY ARCHIVES Kerala Legislative Assembly

ചെങ്ങന്നൂർ-പെരിങ്ങാല-അരീക്കര-കാരക്കാട്-പന്തളം ബസ് സർവ്വീസ്

220. (245) ശ്രീ. പി. എൻ. ചന്ദ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെങ്ങന്നൂർ-പെരിങ്ങാല-അരീക്കര-കാരയ്ക്കാട്-പന്തളം ബസ് സർവ്വീസ് തുടങ്ങണമെന്നുകാണിച്ച് ഗവൺമെൻറിലേക്ക് നിവേദനങ്ങൾ കിട്ടിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ നിവേദനങ്ങളുടെ വെളിച്ചത്തിൽ എന്തു നടപടി സ്വീകരിച്ചു ?

ഉത്തരം

(എ) കിട്ടിയിട്ടുണ്ട്.

(ബി) ഈ പ്രശ്നം കോർപ്പറേഷന്റെ പരിഗണനയിലിരിക്കുകയാണ്.

ജയിലുകളിലെ ശുദ്ധജലക്ഷാമം

221. (247) ശ്രീ. പിണറായി വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ജയിലുകളിൽ ശുദ്ധജലം ആവശ്യത്തിന് വിതരണം ചെയ്യാൻ കഴിയാത്തവ ഉണ്ടോ ;

(ബി) കണ്ണൂർ സെൻട്രൽ പ്രിസണിൽ ജയിൽ കോമ്പൗണ്ടിൽ തന്നെ പി. എച്ച്. ഇ. ഡി. വകയുള്ള വാട്ടർ ടാങ്കുണ്ടായിട്ടും അതിൽ നിന്നും ജയിൽ ആവശ്യത്തിലേക്ക് വെള്ളം ലഭിക്കുന്നില്ല എന്നത് ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എല്ലാ വേനൽക്കാലങ്ങളിലും കണ്ണൂർ സെൻട്രൽ പ്രിസിൽ കഴിയുന്ന തടവുകാർ ഒരാവശ്യത്തിനും വെള്ളം കൃത്യമായി ലഭിക്കാതെ വിഷമിക്കുകയാണെന്ന് ഗവൺമെൻറിനറിയാമോ ?

(ഡി) പ്രസ്തുത ക്ഷാമം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. ജയിൽ കോമ്പൗണ്ടിൽ പി. എച്ച്. ഇ. ഡി. വാട്ടർ ടാങ്ക് ഉണ്ടെങ്കിലും അതിൽ നിന്ന് ജയിൽ ആവശ്യത്തിന് വെള്ളം ലഭിക്കുന്നില്ല. ജയിൽ ആവശ്യത്തിന് ഈ ടാങ്കിൽ നിന്നും വെള്ളം ലഭ്യമാക്കുന്നതിന് കണക്ഷൻ എടുക്കുന്നതിന് ചീഫ് എഞ്ചിനീയർക്കുവേണ്ട നിർദ്ദേശം കൊടുത്തിട്ടുണ്ട്.

(സി) വേനൽക്കാലത്ത് കണ്ണൂർ സെൻട്രൽ പ്രിസണിൽ ജലക്ഷാമം അനുഭവപ്പെടാറുണ്ട്.

(ഡി) ശുദ്ധജലക്ഷാമം ശാശ്വതമായി പരിഹരിക്കുന്നതിനുവേണ്ടിയാണ് വളപട്ടണം ശുദ്ധജല വിതരണപദ്ധതിയിൽ നിന്നും ഈ ജയിലിലേയ്ക്ക് കണക്ഷൻ എടുക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുള്ളത്.